പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ ; **1356**

14-06-2013 ൽ
മറു പടിയ്ക്ക്

സി-ഡിറ്റിന്റെ അജണ്ട തീരുമാനം

| ചോദ്യം | | ഉത്തരം |
| --- | --- | --- |
| ശ്രീ. റ്റി. എൻ. പ്രതാപൻ | | ശ്രീ. കെ.സി. ജോസഫ് ( ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പുമന്ത്രി) |
| (എ) സി-ഡിറ്റിന്റെ 16-10-2007-ലെ 52-ാമത്തെ എക്സിക്യൂട്ടീവ് കമ്മിറ്റിയിലെ 20-ാം നമ്പർ അജണ്ട തീരുമാനം എന്താണ് എന്നും പ്രസ്തുത തീരുമാനത്തിന്മേൽ സ്വീകരിച്ച തുടർനടപടികൾ എന്താണെന്നും വിശദമാക്കാമോ; | എ) | ശ്രീ. ഗണപതി എന്ന ജീവനക്കാരനെ സ്ഥിരപ്പെടുത്തുന്ന വിഷയം, സമാനമായ കേസുകൾക്കൊപ്പം അടുത്ത ഗവേണിങ് ബോഡിയിൽ സമർപ്പിക്കുക എന്നതായിരുന്നു 16-10-2007 ലെ 52-ാമത്തെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 20.10 നമ്പർ അജണ്ട തീരുമാനം. തുടർന്ന് 8-2-11 ലെ ജി.ഒ.(എം.എസ്)നം. 2/2011/ഐ&പി.ആർ.ഡി. പ്രകാരം ശ്രീ. ഗണപതി ഉൾപ്പെടെ 7 ജീവനക്കാരെ റഗുലറൈസ് ചെയ്യുകയുണ്ടായി. |
| (ബി) ജി.ഒ(ആർ.ടി)നം.196/08/ഐ.&പി.ആർ.ഡി. തീയതി 18-8-2008 നമ്പർ പ്രകാരം 55 ജീവനക്കാരെ സി-ഡിറ്റിൽ റഗുലറൈസ് ചെയ്ത രീതി വ്യക്തമാക്കാമോ; | ബി) | 55 ജീവനക്കാരെ റഗുലറൈസ് ചെയ്ത നിബന്ധനകൾ ഉത്തരവിൽ തന്നെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം I ആയി ചേർത്തിരിക്കുന്നു. |
| (സി) ജി.ഒ(എം.എസ്)നം.2/2011/ഐ.&പിആർ.ഡി തീയതി 8-2-2011 പ്രകാരം സി-ഡിറ്റിലെ 7 ജീവനക്കാരെ റഗുലറൈസ് ചെയ്ത രീതി വ്യക്തമാക്കാമോ; | സി) | ജി.ഒ.(ആർ.ടി) നം 196/2008/ഐ&പി.ആർ.ഡി. തീയതി 18-8-08 പ്രകാരം 55 ജീവനക്കാരെ സ്ഥിരപ്പെടുത്തിയ അതേ നിബന്ധനകൾക്ക് വിധേയമായാണ് ജി.ഒ. (എം.എസ്) നം. 2/2011/ഐ&പി.ആർ.ഡി. പ്രകാരം ഉളള ഉത്തരവ് പുറപ്പെടുവിച്ചിട്ടുളളത്. 7 ജീവനക്കാരിൽ ശ്രീ.കാർത്തികേയനെ 18-12-2000 മുതലും മറ്റുളളവരെ 1-10-2000 മുതലുമാണ് സ്ഥിരപ്പെടു ത്താൻ ഉത്തരവായിട്ടുളളത്. |
| (ഡി) സ്വയംഭരണ സ്ഥാപനമായ സി-ഡിറ്റിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി/ഗവേണിംഗ് ബോഡി തീരുമാനം കൂടാതെ 8-2-2011-ലെ ഉത്തരവ് പ്രകാരം 7 ജീവനക്കാരെ റഗുലറൈസ് ചെയ്ത മുൻ സർക്കാരിന്റെ നടപടി വ്യവസ്ഥാപിതമാണോ; എങ്കിൽ സർക്കാരിനെ അധികാരപ്പെടുത്തുന്ന പ്രസ്തുത വ്യവസ്ഥകൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; വ്യവസ്ഥാപിതമല്ലെങ്കിൽ മുൻസർക്കാരിന്റെ ഈ നടപടി പുന:പരിശോധിക്കുമോ; | ഡി) | സർക്കാരിൻെറ ഉത്തരവ് പ്രകാരമാണ് 7 ജീവനക്കാരെ സി-ഡിറ്റിൽ സ്ഥിരപ്പെടുത്തിയത്. |

| | | | |
|---|---|---|---|
| (ഇ) | 11-4-2012-ൽ കൂടിയ സി-ഡിറ്റിന്റെ 18-ാമത് ഗവേണിംഗ് ബോഡി യോഗത്തിൽ 1-1-2012 -ൽ 6 വർഷത്തെ സേവനം പൂർത്തിയാക്കിയ ജീവനക്കാരെ റഗുലറൈസ് ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ മാനേജ്മെന്റ് നാളിതുവരെ സ്വീകരിച്ച വിവരങ്ങൾ വ്യക്തമാക്കാമോ; | (ഇ) | 11-4-2012 ൽ കൂടിയ സി-ഡിറ്റിന്റെ 18- ാമത്തെ ഗവേണിംഗ് ബോഡി യോഗത്തിൽ 1-1-2012 ൽ 6 വർഷം സേവനം പൂർത്തിയാക്കിയ ജീവനക്കാരെ റഗുലറൈസ് ചെയ്യുവാനായി ഒരു പ്രൊപ്പോസൽ സർക്കാരിലേക്ക് സമർപ്പിക്കുവാൻ തീരുമാനിച്ചിരുന്നു. ഇതിനെ തുടർന്ന് 6 വർഷം പൂർത്തിയാക്കിയ 57 ജീവനക്കാരുടെ താൽക്കാലിക പട്ടിക തയ്യാറാക്കി ആർക്കെങ്കിലും ആക്ഷേപമുണ്ടെങ്കിൽ അറിയിക്കുവാനായി സി-ഡിറ്റിന്റെ വെബ്സൈറ്റിൽ പരസ്യപ്പെടുത്തി തുടർ നടപടി സ്വീകരിച്ചുവരുന്നു. |
| (എഫ്) | 1-1-2012 വരെ തുടർച്ചയായി 6 വർഷത്തെ സേവനം പൂർത്തിയാക്കിയ എത്ര ജീവനക്കാർ നിലവിൽ സിഡിറ്റിൽ ജോലി നോക്കി വരുന്നുവെന്നും അവരുടെ വിശദാംശങ്ങൾ എന്തൊക്കെയെന്നും വ്യക്തമാക്കാമോ ? | (എഫ്) | 1-1-2012 ൽ തുടർച്ചയായി 6 വർഷം സേവനം പൂർത്തിയാക്കിയ 57 ജീവനക്കാരുടെ താല്ക്കാലിക പട്ടിക പ്രസിദ്ധീകരിച്ച് തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. അവരുടെ വിശദാംശങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**